പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2 — 28.06.2016-ൽ മറുപടിയ്ക്ക്

## മുൻ സർക്കാർ അവസാനകാലത്ത് നടത്തിയ നിയമനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്<br>,, കെ. ബാബു<br>,, പി.ടി.എ. റഹീം<br>,, കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | മുൻ സർക്കാർ അവസാനകാലത്ത് നടത്തിയ നിയമനങ്ങളെക്കുറിച്ച് ഉയർന്നുവന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ : എങ്കിൽ വിശദാംശം അറിയിക്കുമോ: | (എ) | ഉണ്ട്. |
| (ബി) | മുൻ ചീഫ് സെക്രട്ടറിമാർ, മുൻ വിജിലൻസ് ഡയറക്ടർ തുടങ്ങി വിരമിച്ച ഉദ്യോഗസ്ഥർക്ക് നൽകിയ സ്ഥാനമാനങ്ങൾ റദ്ദാക്കുന്നതോടൊപ്പം അനധികൃത നിയമനം നേടിയവർ എടുത്ത തീരുമാനങ്ങളും നടപടികളും പരിശോധനാ വിധേയമാക്കുമോ : | (ബി) യും (സി) യും | മുൻ ചീഫ് സെക്രട്ടറിയായ ശ്രീ. ജിജി തോംസണെ മുൻ മുഖ്യമന്ത്രിയുടെ അഡ്വൈസർ തസ്തികയിൽ നിയമിച്ചിരുന്നെങ്കിലും മുഖ്യമന്ത്രിയുടെ സേവന കാലാവധി അവസാനിച്ചതോടെ തന്നെ അദ്ദേഹത്തിന്റെ സേവനവും ടെർമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.<br>മുൻ വിജിലൻസ് ഡയറക്ടറായ ശ്രീ. വിൻസൻ എം. പോളിനെ സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറായി നിയമിച്ചത് അനധികൃത നിയമനത്തിന്റെ പട്ടികയിൽ വരുന്നില്ല. |
| (സി) | ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളും ഇതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ